LIBRARY ARCHIVES Kerala Legislative Assembly

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടുപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സംഘടനകൾ

163 (4598) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഏതൊക്കെ വിഭാഗം സംഘടനകളും സ്ഥാപനങ്ങളുമാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) രജിസ്റ്റർ ചെയ്ത സംഘടനകൾ രജിസ്ട്രേഷൻ പുതുക്കുകയും വാർഷിക റിപ്പോർട്ട്, വരവുചെലവ് കണക്ക് മുതലായവ സമർപ്പിക്കുകയും ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാലപ്പഴക്കം വന്നതും കാലികപ്രസക്തി നഷ്ടപ്പെട്ടതുമായ പല നിബന്ധനകളും ഉൾക്കൊള്ളുന്ന ഇപ്പോഴത്തെ നിയമങ്ങൾക്കുപകരം മാറിയ സാഹചര്യങ്ങൾക്കനുസൃതമായി നിവിൽ വന്നിട്ടുള്ള സംഘടനകളെ സമഗ്രമായ നിയമ നിർമ്മാണംവഴി സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(ഇ) സംഘടനകൾ രജിസ്റ്റർ ചെയ്യാൻ ഇപ്പോഴുള്ള നിയമങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാഹിത്യ, ശാസ്ത്ര, ധർമ്മ സംഘങ്ങളാണ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഏകീകൃത സൊസൈറ്റി നിയമത്തിന്റെ കരട് ബിൽ പരിഗണനയിലാണ്.

(ഇ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടും 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടും.

പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ആഫീസുകൾ

164 (4599) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കെട്ടിടങ്ങൾ പുതുക്കിപ്പണിയാൻ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പാനൂർ സബ് രജിസ്ട്രാർ ഓഫീസ് പുതുക്കിപ്പണിയാൻ എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പുതുക്കി പണിയാനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 116 സബ് രജിസ്ട്രാർ ഓഫീസുകൾ പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ആറ് കെട്ടിടങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) മടവൂർ (1 ലക്ഷം), പേരാവൂർ (1 ലക്ഷം), കണ്ണൂർ (2 ലക്ഷം), പാനൂർ (3ലക്ഷം) എന്നീ സബ് രജിസ്ട്രർ ഓഫീസുകൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഇ) പുതുക്കി പണിയാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

165 (4600) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ കാലപ്പഴക്കവും കാലവർഷക്കെടുതിയും നിമിത്തം തകരാറിലായിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഗ്രാമീണ റോഡുക്കളുടെ പുനരുദ്ധാരണത്തിനായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു ; ഇതിൽ എന്ത് തുക വീതം പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ചു ;

(ഡി) എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly